കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് -ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെട്ട മറ്റർഹ (ഒ.ഇ.സി) സമുദായങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകി ഉത്തരവാകുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പട്ടികജാതി പട്ടിക വർഗ്ഗ വികസന (എഫ്) വകുപ്പ്

സ.ഉ.(കൈ) നം. 59/2012/പജപവവിവ തീയതി, തിരുവനന്തപുരം,16/4/2012

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം:- 06/03/2012 ലെ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ ഡെവ. എ-1-18634/11 നമ്പർ കത്ത്.

## ഉത്തരവ്

ഒ.ബി.സി ലിസ്റ്റിൽ നിലനിർത്തിക്കൊണ്ടു തന്നെ ഒ.ഇ.സി ലിസ്റ്റിൽ ഉൾപ്പെടുത്തപ്പെട്ട സമുദായങ്ങൾക്ക് ഒ.ഇ.സി സർട്ടിഫിക്കറ്റ് മാത്രമേ ബന്ധപ്പെട്ട റവന്യൂ അധികാരികൾ നൽകുന്നുള്ളൂ എന്നതിനാൽ അർഹമായ ഒ.ബി.സി സംവരണം ടി സമുദായങ്ങൾക്ക് ലഭിക്കുന്നില്ലെന്ന് കാണിച്ച് വിവിധ സംഘടനകൾ സർക്കാരിൽ നിവേദനങ്ങൾ സമർപ്പിച്ചിരുന്നു.

(2). സമുദായങ്ങളെ ഏതേത് വിഭാഗങ്ങളിൽ തരംതിരിച്ചിരിക്കുന്നുവെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വ്യക്തമായ ധാരണയില്ലാത്തതാണ് പ്രശ്നങ്ങൾക്ക് കാരണമെന്നും ഓരോ സമുദായവും ഏതേതു വിഭാഗങ്ങളിൽ ഉൾപ്പെടുന്നുവെന്ന് വ്യക്തമായി സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയാൽ പ്രശ്നം പരിഹരിക്കപ്പെടുമെന്നും പരാമർശ കത്ത് പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

(3). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മറ്റു പിന്നോക്ക വിഭാഗ ലിസ്റ്റിൽ നിലനിർത്തിക്കൊണ്ടുതന്നെ മറ്റർഹ (ഒ.ഇ.സി) ലിസ്റ്റിൽ ഉൾപ്പെട്ട സമുദായങ്ങൾക്ക് ജാതിസർട്ടിഫിക്കറ്റുകൾ നൽകുമ്പോൾ അപേക്ഷകന്റെ ആവശ്യത്തിനനുസൃതമായി വിദ്യാഭ്യാസ (സാമ്പത്തിക) ആനുകൂല്യത്തിനുള്ള സർട്ടിഫിക്കറ്റിൽ ഒ.ഇ.സി (പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് സാധാരണ ഗതിയിൽ അനുവദനീയമായ വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് അർഹതയുള്ള സമുദായം) എന്ന് രേഖപ്പെടുത്തിയും വിദ്യാഭ്യാസ സംവരണത്തിനുള്ള സർട്ടിഫിക്കറ്റിൽ ഒ.ഇ.സി/ഒ.ബി.സി എന്ന് രേഖപ്പെടുത്തിയും മറ്റ് ആവശ്യങ്ങൾക്ക് ഒ.ബി.സി എന്ന് രേഖപ്പെടുത്തിയും സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണെന്ന് മാർഗ്ഗ നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

ഡോ.എസ്.സുബ്ബയ്യ,
പ്രിൻസിപ്പൽ സെക്രട്ടറി.

കേരള സർക്കാർ

നമ്പർ: 38975/റ്റി2/2012/ആർ.ഡി.

റവന്യൂ (റ്റി) വകുപ്പ്,
തിരുവനന്തപുരം,
തീയതി : 10.7.2012.

പ്രിൻസിപ്പൽ സെക്രട്ടറി,

ജനറൽ സെക്രട്ടറി,
കേരള മൺപാത്ര നിർമ്മാണ സമുദായ സഭ, (KMSS)
ആനയറ പി.ഒ., പേട്ട,
തിരുവനന്തപുരം.

സർ,

വിഷയം : റവന്യൂ വകുപ്പ് - കേരള മൺപാത്ര നിർമ്മാണ സമുദായ സഭയുടെ നിവേദനം - സംബന്ധിച്ച്.

സൂചന : 1) താങ്കൾ 29.3.2010 ൽ ബഹു: റവന്യൂ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച നിവേദനം.
2) പട്ടികജാതി പട്ടിക വർഗ്ഗ (എഫ്) വകുപ്പിന്റെ 16.4.2012-ലെ സ.ഉ. (കൈ) നമ്പർ 59/2012/പജപവവിവ നമ്പർ സർക്കാർ ഉത്തരവ്

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. മറ്റു പിന്നോക്ക വിഭാഗ ലിസ്റ്റിൽ നിലനിർത്തിക്കൊണ്ടുതന്നെ മറ്റർഹ (ഒ.ഇ.സി) ലിസ്റ്റിൽ ഉൾപ്പെട്ട സമുദായങ്ങൾക്ക് ജാതിസർട്ടിഫിക്കറ്റുകൾ നൽകുമ്പോൾ അപേക്ഷകന്റെ ആവശ്യത്തിനനുസൃതമായി വിദ്യാഭ്യാസ (സാമ്പത്തിക) ആനുകൂല്യത്തിനുള്ള സർട്ടിഫിക്കറ്റിൽ ഒ.ഇ.സി. (പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് സാധാരണഗതിയിൽ അനുവദനീയമായ വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് അർഹതയുള്ള സമുദായം) എന്ന് രേഖപ്പെടുത്തിയും വിദ്യാഭ്യാസ സംവരണത്തിനുള്ള സർട്ടിഫിക്കറ്റിൽ ഒ.ഇ.സി/ഒ.ബി.സി എന്ന് രേഖപ്പെടുത്തിയും മറ്റ് ആവശ്യങ്ങൾക്ക് ഒ.ബി.സി. എന്ന് രേഖപ്പെടുത്തിയും സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണെന്ന് മാർഗ്ഗ നിർദ്ദേശം നൽകി സൂചന 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

ജി. അനിൽകുമാർ
അണ്ടർ സെക്രട്ടറി,
പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി.

*അംഗീകാരത്തോടെ,*

*സെക്ഷൻ ഓഫീസർ.*

*പകർപ്പ്: കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം (എൽ.ആർ.എ6-20426/2010, തീയതി 13.6.2012)*